## <u>പരീക്ഷ - അടിയന്തിര പ്രാധാന്യം</u>

വൊക്കേഷണൽ ഹയർ സെക്കണ്ടറി
പരീക്ഷാ സെക്രട്ടറിയുടെ കാര്യാലയം,
തിരുവനന്തപുരം - 1
ഫോൺ നമ്പർ: 0471—2324015

നമ്പർ: വി. എക്സ്. 1/7020/2013 തീയതി: 15/01/2014

## <u>സർക്കുലർ</u>

വിഷയം: വിദ്യാഭ്യാസം - വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നും രണ്ടും വർഷ പരീക്ഷകൾ മാർച്ച് 2014 - ചെക്ക് ലിസ്റ്റ് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് തിരിച്ച് അയച്ചുതരുന്നത് - സംബന്ധിച്ച്.

സൂചന: 1. ഈ ഓഫീസിലെ 04/12/2013 ലെ ഇതേ നമ്പർ പരീക്ഷാ വിജ്ഞാപനം.

2014 മാർച്ച് - ൽ നടത്തുന്ന വൊക്കേഷണൽ ഹയർ സെക്കറി ഒന്നും രണ്ടും വർഷ പൊതു പരീക്ഷയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ ചെക്ക് ലിസ്റ്റ് ഔദ്യോഗിക പോർട്ടലായ **<u>http://www.vhsexaminationkerala.gov.in</u>** നിന്നും യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് login ചെയ്ത് എല്ലാ സ്കീമുകളിലും രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ ഡൗൺ ലോഡ് ചെയ്ത് അപേക്ഷകളുമായി ഒത്തുനോക്കി തെറ്റുണ്ടെങ്കിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രകാരം പരിഹരിക്കേതാണ്.

1. വിദ്യാർത്ഥികളുടെ പേര്, ജനനതീയതി, മേൽ വിലാസം രജിസ്റ്റർ ചെയ്തിരിക്കുന്ന കോഴ്സ്, അഡ്മിഷൻ നമ്പർ, രജിസ്റ്റർ ചെയ്തിരിക്കുന്ന വിഷയങ്ങൾ രജിസ്റ്റർ ചെയ്ത സ്കീം ഇവ അവരുടെ അപേക്ഷയുടേയും അതോടൊപ്പമുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ്, സ്കൂൾ രേഖകൾ എന്നിവയുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പുവരുത്തേതാണ്. വിവരങ്ങൾ വിട്ടുപോയിട്ടുങ്കെിൽ ആ വിവരം പ്രൊഫോർമയിൽ രേഖപ്പെടുത്തേതാണ്.
2. സെക്കന്റ് ഗ്രൂപ്പിൽപ്പെട്ട വിദ്യാർത്ഥികൾ അഡീഷണൽ മാത്തമാറ്റിക്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ചെക്ക് ലിസ്റ്റിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇല്ലായെങ്കിൽ ആയത് ചെക്ക് ലിസ്റ്റിലും പ്രൊഫോർമയിലും രേഖപ്പെടുത്തേണ്ടതുമാണ്.
3. ഒന്നാം വർഷത്തിൽ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിയിരുന്ന വിദ്യാർത്ഥികൾ രണ്ടാം വർഷത്തിൽ അഡീഷണൽ മാത്തമാറ്റിക്സിന് രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ആ വിവരം പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്.
4. ഒന്നാം വർഷ കണ്ടിന്യൂവസ് ഇവാല്യുവേഷൻ & ഗ്രേഡിംഗ് പരിഷ്കരിച്ച സ്കീം (റഗുലർ), രണ്ടാം വർഷ കണ്ടിന്യൂവസ് ഇവാല്യുവേഷൻ & ഗ്രേഡിംഗ് പരിഷ്കരിച്ച സ്കീം (റഗുലർ), കണ്ടിന്യൂവസ് ഇവാല്യുവേഷൻ & ഗ്രേഡിംഗ് പരിഷ്കരിച്ച സ്കീം (പ്രൈവറ്റ്), കണ്ടിന്യൂവസ് ഇവാല്യുവേഷൻ & ഗ്രേഡിംഗ് പ്രാരംഭ സ്കീം (പ്രൈവറ്റ്), എന്നീ വിഭാഗങ്ങളിലായാണ് ചെക്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.
5. ഗ്രേഡിംഗ് പരിഷ്ക്കരിച്ച സ്കീം പ്രകാരം രണ്ടാം വർഷ പരീക്ഷക്കുശേഷം യോഗ്യത നേടാതിരുന്ന വിഷയങ്ങൾക്ക് 2013 സെപ്തംബറിൽ നടത്തിയ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഹാജരായ വിദ്യാർത്ഥികൾ 2014 മാർച്ചിൽ നടത്തുന്ന രണ്ടാം വർഷ പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യണമെന്നും അത്തരം വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ഈ ഓഫീസിൽ നിന്നും നല്കിയിട്ടും ചില സ്കൂളുകളിൽ ഇത്തരത്തിലുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപെട്ടിരിക്കുന്നു. **<u>ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന</u>**

**സൂപ്പർ ഫൈൻ ഉൾപ്പെടെയുള്ള ഫീസടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാമെന്ന വിവരം താങ്കൾ പ്രസ്തുത വിദ്യാർത്ഥികളെ രേഖാമൂലം അറിയിക്കേണ്ടതാണ്.**

6. അക്കൗണ്ടൻസി വിഷയത്തിൽ (ഒന്നാം വർഷം/രണ്ടാം വർഷം) ഓപ്ഷനായി തെരഞ്ഞെടുത്തിരിക്കുന്ന വിഷയം (AFS/CA) ശരിയാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. **ഒന്നാം വർഷ / രണ്ടാം വർഷ പരീക്ഷാ വിജ്ഞാപനങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ളതിൽ നിന്ന് വിരുദ്ധമായി മറ്റെന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്.**
8. ഭാഗിക രജിസ്ട്രേഷൻ (Piece Meal Registration) നടന്നിട്ടുണ്ടെങ്കിൽ ആ വിവരം പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്.
9. രജിസ്റ്റർ ചെയ്ത ഏതെങ്കിലും വിദ്യാർത്ഥികളുടെ പേരുവിവരം ചെക്ക് ലിസ്റ്റിൽ വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസ്തുതവിവരം ചെക്ക് ലിസ്റ്റിലും പ്രൊഫോർമയിലും രേഖപ്പെടുത്തേണ്ടതും. വിദ്യാർത്ഥിയുടെ **പരീക്ഷ രജിസ്ട്രേഷൻ അപേക്ഷയുടേയും അനുബന്ധരേഖകളുടേയും പകർപ്പ് സഹിതം പരീക്ഷാ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്.** (അപേക്ഷയുടെ ഒറിജിനൽ സ്കൂളിൽ തുടർ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.)

പ്രത്യേക ശ്രദ്ധയ്ക്ക്

10. വിദ്യാർത്ഥികളുടെ അപേക്ഷകൾ പ്രിൻസിപ്പാൾ പരിശോധിച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും വിദ്യാർത്ഥിയുടെ പേര് വിവരം ചെക്ക് ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം പ്രൊഫോർമയിൽ രേഖപ്പെടുത്തി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേ ണ്ടതാണ്.
11. പ്രൊഫോർമയിൽ നൽകിയിരിക്കുന്ന സത്യപ്രസ്താവനയിൽ പ്രിൻസിപ്പാളും, വി. എച്ച്. എസ്. ഇ. ക്ലാർക്കും ഒപ്പിട്ടിരിക്കേണ്ടതാണ്.
12. 2013- 2014 അദ്ധ്യയന വർഷത്തിൽ അഡീഷണൽ സിറ്റർ/റിപ്പീറ്റഡ് കാൻഡിഡേറ്റ്സ്/ പുതിയ കോമ്പിനേഷനിൽ പ്രവേശനം ലഭിച്ചവർ ആയി പഠനം തുടരുന്നവർ IE, CE, ഹാജർ ഇവ നിലവിലുള്ള നിബന്ധനകൾ പ്രകാരം നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഈ വിഭാഗത്തിലുള്ളവരുടെ അപേക്ഷയുടെ ശരിപകർപ്പുകൾ ആമുഖ കത്തോടെ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ റദ്ദാക്കുന്നതിലേയ്ക്ക് വിശദവിവരം പരീക്ഷാ ഓഫീസിൽ യഥാസമയം രേഖാമൂലം അറിയിക്കേണ്ടതാണ്.

ഡാറ്റാ അപ്പ്ലോഡ് ചെയ്തതിൽ തെറ്റുകൾ ഉണ്ടെങ്കിൽ ഇതോടൊപ്പം ഉളളടക്കം ചെയ്തിരിക്കുന്ന **പ്രൊഫോർമയിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി, ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ചെക്ക് ലിസ്റ്റിനോടൊപ്പം 20/01/2014 നകം പരീക്ഷാ സെക്രട്ടറിയുടെ പേരിൽ തപാലിൽ അയച്ചു തരേണ്ടതാണ്. ഡാറ്റാ അപ്ലോഡ് ചെയ്തതിൽ തെറ്റുകൾ ഇല്ലെങ്കിൽ പ്രൊഫോർമയിൽ 'NIL' രേഖപ്പെടുത്തി ചെക്ക് ലിസ്റ്റിനോടൊപ്പം നിർബന്ധമായി 20/01/2014 നകം അയച്ചുതരേണ്ടതാണ്.** പ്രസ്തുത വിവരങ്ങൾ ലഭിച്ചാൽ മാത്രമേ പരീക്ഷാർത്ഥികൾക്ക് രജിസ്റ്റർ നമ്പറുകൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങളിൽ യാതോരു വീഴ്ചയും ഉണ്ടാകാൻ പാടില്ല.

(signature)
സെക്രട്ടറി

To

1. എല്ലാ വി. എച്ച്. എസ്. സ്കൂൾ പ്രിൻസിപ്പാൾമാർക്കും
2. എല്ലാ വി. എച്ച്. എസ്. ഇ. മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. SF/OC

പ്രൊഫോർമ - 1

## വൊക്കേഷണൽ ഹയർ സെക്കണ്ടറി പൊതു പരീക്ഷ മാർച്ച് 2014

രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ - ചെക്ക് ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്

സ്കൂളിന്റെ പേര് : ............................................................................................................ സെന്റർ നമ്പർ :

ഇ-മെയിൻ അഡ്രസ്സ് : ഫോൺ നമ്പർ :

| ഒന്നാം വർഷ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | റഗുലർ |
|---|---|
| | |

| രണ്ടാം വർഷ ഗ്രേഡിംഗ് പരിഷ്ക്കരിച്ച സ്കീമിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | റഗുലർ | പ്രൈവറ്റ് | ആകെ |
|---|---|---|---|
| | | | |

| രണ്ടാം വർഷ ഗ്രേഡിംഗ് പ്രാരംഭ സ്കീമിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | പ്രൈവറ്റ് |
|---|---|
| | |

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | സ്കൂൾ അഡ്മിഷൻ നമ്പർ | കോഴ്സ് | സ്കീം | മുൻ പരീക്ഷയുടെ രജിസ്റ്റർ നമ്പരും വർഷവും | അപാകതകൾ സംബന്ധിച്ചുള്ള വിവരങ്ങൾ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

കുറിപ്പ്: ഇതോടൊപ്പം ചേർത്തിരിക്കുന്ന വിവരങ്ങൾ വിദ്യാർത്ഥികളുടെ അപേക്ഷാഫാറം, എസ്. എസ്. എൽ. സി. ബുക്ക്, മുൻ പരീക്ഷാ മാർക്ക് ലിസ്റ്റിന്റെ പകർപ്പുകൾ, മറ്റു രേഖകൾ എന്നിവയുമായി ഒത്തുനോക്കി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

സ്ഥലം:

തീയതി :

വി. എച്ച്. എസ്. ഇ. ക്ലാർക്കിന്റെ പേരും ഒപ്പും

*(ഓഫീസ് മുദ്ര)*

പ്രിൻസിപ്പാളിന്റെ പേരും ഒപ്പും